12261
22/9/16 -

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന് കീഴിലുള്ള ഖാദിനെയ്ത്ത്, നൂല് യൂണിറ്റുകളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (എം.എസ്.)നം. 280/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 11/09/.2015.

പരാമർശം: 1. 15.4.1985-ലെ സ.ഉ. 80/85/എൽ.എ.എസ്സ്.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ്.
2. കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന് കീഴിലുള്ള ഖാദി നെയ്ത്ത്, നൂല് യൂണിറ്റുകളുടെ കെട്ടിട നികുതി ഒഴിവാക്കിയിരുന്നു. എന്നാൽ പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതോടെ 1960-ലെ ആക്ടിലെ വ്യവസ്ഥ പ്രകാരമുള്ള സർക്കാർ ഉത്തരവിന് പ്രാബല്യമില്ലാതായെന്നും ആയതിനാൽ ഖാദി കേന്ദ്രങ്ങളുടെ കെട്ടിടനികുതി തിട്ടപ്പെടുത്തി അടയ്ക്കണമെന്ന് പഞ്ചായത്തുകൾ ആവശ്യപ്പെടുന്നതായും കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ചെയർമാൻ അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഖാദി ബോർഡിന് കീഴിലുള്ള യുണിറ്റുകൾ ലാഭകേന്ദ്രങ്ങളല്ലാത്തതിനാലും സാധാരണക്കാരായ അനേകം ഗ്രാമീണ വനിതകൾക്ക് തൊഴിലവസരം നൽകുന്ന ഉൽപാദന യൂണിറ്റുകളായതിനാലും, കഴിഞ്ഞ 27 വർഷങ്ങളായി കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു എന്ന വസ്തുത കണക്കിലെടുത്തും ഒരു പ്രത്യേക കേസായി പരിഗണിച്ച് കേരള പഞ്ചായത്ത് രാജ്

....2/-

ആക്ട് സെക്ഷൻ 207 ഉപ വകുപ്പ് (2) പ്രകാരവും 1994-ലെ കേരള മുനിസിപ്പൽ ആക്ട് 281 പ്രകാരവും കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ യൂണിറ്റുകളെ കെട്ടിടനികുതിയിൽ നിന്ന് ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

വൈസ് ചെയർമാൻ, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, വഞ്ചിയൂർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡറക്ടർ, തിരുവനന്തപുരം.
വ്യവസായ വകുപ്പ്.
നിയമവകുപ്പ്.
ധനകാര്യ വകുപ്പ് (399/ഡെവ 3/2014/ഫിൻ)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നമ്പർ 7339 പ്രകാരം)
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം.
I&PRD, വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ